# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1132. 21.3.2013 ൽ മറുപടിക്ക്

**<u>എയ്ഡഡ് കോളേജുകളിലേയും, യൂണിവേഴ്സിറ്റികളിലേയും ജീവനക്കാരുടെ പ്രശ്നങ്ങൾ</u>**

**<u>ചോദ്യം</u>**

**<u>മറുപടി</u>**

**ശ്രീ. പി.ശ്രീരാമകൃഷ്ണൻ**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കേരളത്തിലെ എയ്ഡഡ് കോളേജുകളിലേയും യൂണിവേഴ്സിറ്റികളിലേയും ജീവനക്കാരുടെ കുറവും, പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ചെയർമാനും കൺവീനറും ആരാണ്; വിശദമാക്കുമോ; | എ) | ഉണ്ട്. കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ പ്രൊഫ.രവീന്ദ്രനാഥ് ചെയർമാനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർവ്വാഹക സമിതി അംഗം പ്രൊഫ.ലോപ്പസ് മാത്യു കൺവീനറായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് സമർപ്പിച്ചത്; വിശദമാക്കുമോ; | ബി) | ഉണ്ട്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു 11.12.2012 ന് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് കൗൺസിലിന്റെ ശുപാർശകളോടെ 29.1.2013 നു സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുള്ളതുമാണ്. |
| സി | വിദ്യാഭ്യാസ വകുപ്പിന് ഈ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സി) | ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുമായും വിവിധ സർവ്വകലാശാലകളുമായും ആശയവിനിമയം നടത്തി വരുകയാണ്. |
| ഡി) | പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | ഡി) | റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |

| | | | |
|---|---|---|---|
| ഇ) | 1998 ന് ശേഷം അനുവദിച്ച കോഴ്സുകൾക്കാനുപാതികമായിസ്റ്റാഫ് പാറ്റേൺ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | ഇ) | ഈ വിഷയം സംബന്ധിച്ച പ്രൊഫ. രവീന്ദ്രൻനാഥ് കമ്മിറ്റി റിപ്പോർട്ടും അതിന്മേലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശയും സർക്കാർ പരിശോധിച്ചു വരികയാണ്. |
| എഫ്) | എയ്ഡഡ് കോളേജ് ജീവനക്കാർക്ക് ആശ്രിതനിയമനവ്യവസ്ഥ ബാധകമാക്കാമോ; വിശദമാക്കുമോ? | എഫ്) | പ്രസ്തുത വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ച ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**